**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 362** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രസാരഥി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വിദൂരവും, ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോയിവരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതിയാണ് 'ഗോത്രസാരഥി പദ്ധതി'. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എൽ.പി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം ½ കിലോമീറ്ററിൽ കൂടുതലും, യു.പി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം 1 കിലോമീറ്ററിൽ കൂടുതലും, ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിലുള്ള അകലം 2 കിലോമീറ്ററിൽ കൂടുതലും ആയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ കുട്ടികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ടി പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റിയിൽ സ്ഥാപനമേധാവി, സീനിയർ അദ്ധ്യാപകൻ, സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ ഉൾപ്പെടുന്നതിനാൽ കുട്ടികളുടെ ഹാജരില്ലായ്മ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും അതു വഴി ടി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് തടയിടുന്നതിനും സാധ്യമാകുന്നു. |
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, നഗരകാര്യം പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെയാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | ഈ അദ്ധ്യയന വർഷം സ്കൂൾ ഇറക്കുമ്പോൾ പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായങ്ങൾ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുമോയെന്ന് അറിയിക്കാമോ; | (സി) | ഗോത്രസാരഥി പദ്ധതി നടപ്പാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നതും, സ്കൂളുകളുടെ നടത്തിപ്പിലും പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ, പദ്ധതിക്കാവശ്യമായ പ്രോജക്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഫണ്ട് മതിയാകാതെ വരുന്ന സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിനും പ്രസ്തുത പദ്ധതിക്കായി വിഹിതം വകയിരുത്തുന്നതിനും അനുമതിയുണ്ട്. നടപ്പ് അദ്ധ്യയന വർഷത്തിൽ പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാർക്കും, ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വന്യമൃഗങ്ങളുടെ ഭീഷണി കൂടുതലുള്ള ഉൾവനങ്ങളിൽ നിന്നും സ്കൂളിലെത്താൻ ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് മുൻഗണന നൽകി ഹോസ്റ്റലുകളിൽ താമസിച്ച് പഠനം തുടരുന്നതിന് സൗകര്യമൊരുക്കുമോ; വിശദമാക്കുമോ; | (ഡി) | ഉൾവനങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കും, വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രീമെട്രിക് ഹോസ്റ്റലുകളിൽ പ്രഥമ പരിഗണന നൽകി താമസിച്ച് പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വനത്തോട് ചേർന്ന് കിടക്കുന്ന സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി കണ്ണവം, ആനവായ്, ഗോട്ടിയാർകണ്ടി, പറമ്പിക്കുളം (സുങ്കം), വാഴച്ചാൽ, വെറ്റിലപ്പാറ, പിണവൂർക്കുടി, ഇടമലയാർ, അച്ചൻകോവിൽ എന്നീ സ്ഥലങ്ങളിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇടമലക്കുടി, അരേക്കാപ്പ് മുതലായ വിദൂര ഊരുകളിലെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിവിധ ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നുണ്ട്. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കായി തിരുനെല്ലി, നൂൽപ്പുഴ, നിലമ്പൂർ, മലമ്പുഴ, കാസർഗോഡ് എന്നിവിടങ്ങളിൽ ആശ്രാമം സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഇ) | ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി ഗോത്രസാരഥി പദ്ധതിക്ക് പുറമെ ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിതരായ മെന്റർ ടീച്ചർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജില്ലാ ഓഫീസ് തലത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ